Sectt. 37. 3/462/2015/1 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

## സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ്- ഇരിട്ടി നഗരസഭ - കീഴൂർ വില്ലേജിലെ റീ സർവ്വേ നമ്പർ 121/7 ൽ ഉൾപ്പെട്ട സ്ഥലത്തെ അനധികൃത നിർമ്മാണം- കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത ക്രമവൽക്കരണം) ചട്ടം,2014— ക്രമവൽക്കരിച്ച്-- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ആർബി) വകുപ്പ്

സ.ഉ (സാധാ) നമ്പർ 1741 /16/തസ്വഭവ   തീയതി   തിരുവനന്തപുരം 25/05/2016

---

പരാമർശം:- 1) 14.2.14- ലെ സ.ഉ(എം.എസ്) നമ്പർ 39/2014/ തസ്വഭവ

2) കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം, 2014 പ്രകാരം ശ്രീ. പറയിൽ കരുവന്റെ വളപ്പിൽ സുബൈർ, കുട്ടനാൽ ജോസഫ്, പറയിൽ കരുവന്റെ വളപ്പിൽ ഹൗസ് വിളമന, കിളിയന്തറ കണ്ണൂർ എന്നിവരുടെ 27.10.14-ലെ അപേക്ഷയും 27.10.15-ലെ അപ്പീൽ അപേക്ഷയും.

3) കീഴൂർ- ചാവശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 5.01.15-ലെ ബി എ/359/14/15 നമ്പർ കത്ത്.

4) ഇരിട്ടി നഗരസഭാ സെക്രട്ടറിയുടെ 22.2.16-ലെ ബി 655/16.നമ്പർ കത്ത്

5) മുഖ്യ നഗരാസൂത്രകന്റെ 19.5.15 -ലെ D1/1917/15, 2.3.16-ലെ D1/10785/15 നമ്പർ കത്തുകൾ.

## ഉത്തരവ്

കണ്ണൂർ ജില്ലയിലെ ഇരിട്ടി നഗരസഭയിലെ കീഴൂർ വില്ലേജിലെ റീ സർവ്വേ നമ്പർ 121/7 ൽ ഉൾപ്പെട്ട സ്ഥലത്ത് ശ്രീ. പറയിൽ കരുവന്റെ വളപ്പിൽ സുബൈർ, കുട്ടനാൽ ജോസഫ്, പറയിൽ കരുവന്റെ വളപ്പിൽ ഹൗസ്, വിളമന, കിളിയന്തറ ,കണ്ണൂർ, എന്നിവരുടെ മൂന്ന് നില കെട്ടിടം ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷ, സാങ്കതിക ശുപാർശ സഹിതം പരാമർശം (5) പ്രകാരം മുഖ്യ നഗരാസൂത്രകൻ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം, 2014 ലെ ചട്ടം 7(5) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് സർക്കാർ അപ്പീൽ അപേക്ഷ പരിശോധിക്കുകയും ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഇരിട്ടി നഗരസഭയിലെ കീഴൂർ വില്ലേജിലെ റീ സർവ്വേ നമ്പർ 121/7 ൽ ഉൾപ്പെട്ട സ്ഥലത്ത് ശ്രീ. പറയിൽ കരുവന്റെ വളപ്പിൽ സുബൈർ, ജോസഫ്, പറയിൽ നിർമ്മിച്ച കെട്ടിടം ക്രമവൽക്കരിക്കുന്നതിന് ഇരിട്ടി നഗരസഭാ സെക്രട്ടറിക്ക് അനുമതി നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(I) അനധികൃത നിർമ്മാണം കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 220(ബി) /കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 383 A പാലിക്കുന്നുവെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.

(II) അംഗപരിമിതർക്കുള്ള സൗകര്യങ്ങൾ നൽകേണ്ടതാണ്

(III) അനധികൃത നിർമ്മാണം അടുത്ത പ്ലോട്ടിലേക്ക് encroach ചെയ്തിട്ടില്ലായെന്ന് ഉറപ്പാക്കേണ്ടതാണ്.

( IV)കെട്ടിടം ക്രമവൽക്കരിക്കുന്നതിനുള്ള കോമ്പൗണ്ടിംഗ് ഫീസായ ₹ 55,488/- രൂപ (അൻപത്തി അയ്യായിരത്തി നാനൂറ്റി എൺപത്തിഎട്ട് രൂപ) '' 0217 Urban Development 60 -Other Urban Development Scheme-800-Other receipts -91 Compounding fee for regularisation of Unauthorised Construction violating provisions of building rules''എന്ന ശീർഷകത്തിൽ സർക്കാർ ട്രഷറിയിൽ ഒടുക്കേണ്ടതാണ്.

3. മേൽ പരാമർശിച്ച തുക ഈ ഉത്തരവിന്റെ തീയതി മുതൽ 30 ദിവസത്തിനകം സർക്കാർ ട്രഷറിയിൽ ഒടുക്കി അസ്സൽ ചെലാൻ ഇരിട്ടി നഗരസഭാ സെക്രട്ടറി മുമ്പാകെ ഹാജരാക്കേണ്ടതും കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം, 2014 ൽ അനുശാസിക്കുന്ന പ്രകാരം നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് ആവശ്യമായ നടപടികൾ ഇരിട്ടി നഗരസഭാ സെക്രട്ടറി സ്വീകരിക്കേണ്ടതുമാണ്.

4 ഓക്യുപെൻസി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് മുൻപ് ഈ ഉത്തരവിന്റെ രണ്ടാം ഖണ്ഡികയിലെ നിബന്ധനകൾ പാലിച്ചിട്ടുണ്ടോയെന്ന് ഇരിട്ടി നഗരസഭാ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
മധു.ബി
ജോയിന്റ് സെക്രട്ടറി

ശ്രീ. പറയിൽ കരുവന്റെ വളപ്പിൽ സുബൈർ, കുട്ടനാൽ ജോസഫ്, പറയിൽ കരുവന്റെ വളപ്പിൽഹൗസ് വിളമന, കിളിയന്തറ ,കണ്ണൂർ
സെക്രട്ടറി, ഇരിട്ടി നഗരസഭ, കണ്ണൂർ .
ചീഫ് ടൗൺ പ്ളാനർ, തിരുവനന്തപുരം.
ചീഫ് ടൗൺ പ്ളാനർ(വിജിലൻസ്) തിരുവനന്തപുരം
ജില്ലാ ടൗൺ പ്ളാനർ, കണ്ണൂർ.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ